വിദേശങ്ങളിൽ പോകുന്ന നേഴ്സുമാരുടെ ഒഴിവുകളിൽ എംപ്ലോയ്മെൻറു എക്സ്ചേഞ്ച് മുഖേന നിയമനം നടത്തി കൊള്ളുന്നതിന് അനുവാദം കൊടുത്തിട്ടുണ്ട്. സ്റ്റൈപെൻറ് നൽകി പഠിപ്പിച്ചിട്ടുള്ള നേഴ്സിംഗ് വിദ്യാർത്ഥിനികൾ അവരുടെ ഫൈനൽ പരീക്ഷ കഴിഞ്ഞുനിൽക്കുകയാണ്. റിസൽട്ട് അറിഞ്ഞാലുടൻ തന്നെ അവർക്ക് നിയമനം നൽകി നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുവാൻ സാധിക്കും.

ഹോമിയോ കോളേജുകൾ

564 [819] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹോമിയോ കോളേജുകൾ ഉണ്ട്;

(ബി) അതിലെ അദ്ധ്യാപകർക്കും അനദ്ധ്യാപക ഉദ്യോഗസ്ഥർക്കും ഗവൺമെൻറിൽനിന്നും നേരിട്ടു ശമ്പളം കൊടുക്കുന്നതാണെന്നു ഇതിനു മുമ്പ് ഗവൺമ്മെൻറിൽനിന്നും പ്രഖ്യാപിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതു നാളിതുവരെ നടപ്പിൽ വരുത്താത്തതു എന്തുകൊണ്ട്?

ഉത്തരം

(എ) മൂന്നു പ്രൈവറ്റ് കോളേജുകളും ഒരു ഗവൺമെൻറ് ഡിഗ്രി കോളേജും ഉണ്ട്.

(ബി) പ്രൈവറ്റ് ഹോമിയോ കോളേജുകളിലെ ജീവനക്കാർക്കു നേരിട്ട് ശമ്പളം കൊടുക്കുന്നതാണെന്നു പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ നേരിട്ടു ശമ്പളം കൊടുക്കുന്നതിനെപ്പറ്റി പരിശോധിച്ചു വരികയാണ്.

(സി) ഈ കാര്യത്തിൽ അവസാന തീരുമാനം ഇതുവരെ എടുത്തിട്ടില്ല.

ആലപ്പുഴ മെഡിക്കൽ കോളേജ്

565 [820] ശ്രീ. ജി. പി. മംഗലത്തുമഠം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മറ്റു മെഡിക്കൽ കോളേജുകളെ അപേക്ഷിച്ച് ആലപ്പുഴ മെഡിക്കൽ കോളേജിനുള്ള പോരായ്മകളെന്തെല്ലാമാണ്;

(ബി) അതു പരിഹരിക്കാൻ ഗവൺമെൻറ് സത്വര നടപടി സ്വീകരിക്കുമോ;

(സി) ആലപ്പുഴ മെഡിക്കൽ കോളേജിനോടനുബന്ധിച്ച് പുതുതായി ഒരു ആശുപത്രികൂടി നടത്തുന്നതിന് ഗവൺമെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഒരു സ്വകാര്യ സ്ഥാപനമായിരുന്ന ആലപ്പുഴ മെഡിക്കൽ കോളേജ് 23.10.1973 മുതലാണ് സർക്കാരിൻെറ പൂർണ്ണ നിയന്ത്രണത്തിലും ഉടമസ്ഥതയിലും ആയത്. കോളേജിനു സമീപം മെഡിക്കൽ കോളേജ് ആശുപത്രി ഇല്ലായെന്നുള്ളതും കോളേജിലെ ഉദ്യോഗസ്ഥൻമാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

കോർപ്പറേഷൻ ഇല്ല എന്നുള്ളതും പോരായ്മകളാണ്. ചില തസ്തികകളും ഒഴിഞ്ഞു കിടക്കുന്നുണ്ട്. അപൂർണ്ണമായ ഒരു സഹകാര്യ സ്ഥാപനം അതേപടി സർക്കാർ ഏറ്റെടുത്തു നടത്തുമ്പോൾ സ്വാഭാവികമായി വന്നുചേർന്ന പോരായ്മകളാണ് ഇവ.

(ബി) പരിഹാര നടപടികളും ധൃതഗതിയിൽ സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്. കോളേജിനു സമീപം 225 ലക്ഷം രൂപ ചെലവുള്ള ഒരു മെഡിക്കൽ കോളേജ് ആശുപത്രിയും മറ്റു സംവിധാനങ്ങളും ഉണ്ടാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. അതിന്റെ ആദ്യഘട്ടമായി 250 ബെഡ്ഡുകളോടുകൂടി ഒരു ഗൈനക്കോളജി വാർഡു പണിയാൻ നടപടി എടുത്തു കഴിഞ്ഞു. കോളേജിന്റെ രണ്ടാം നില പണിയുന്നതിനും, പെൺകുട്ടികൾക്കുള്ള ഹോസ്റ്റൽ, അദ്ധ്യാപകർക്കുള്ള താമസസ്ഥലം മുതലായവ പണിയുന്നതിനും ഉത്തരവായിട്ടുണ്ട്: അദ്ധ്യാപകർക്കുള്ള 30 ഫ്ളാറ്റിന്റെ പണി മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു.

(സി) ബി.യിൽ പറഞ്ഞിരിക്കുന്ന ആശുപത്രി മെഡിക്കൽ കോളേജാശുപത്രിയാണ്.

പഞ്ചായത്തു കമ്മിറ്റികളുടെയും എക്സിക്യൂട്ടീവ് ആഫീസർമാരുടെയും പേരിലുള്ള അഴിമതി ആരോപണങ്ങൾ

566 [821] ശ്രീ. ജോർജ്ജ് മാത്യു:

,, വി. ജെ. ജോസഫ്:

,, ലോനപ്പൻ നമ്പാടൻ:

,, കെ. വി. കുര്യൻ:

,, വി. ടി. സെബാസ്റ്റ്യൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

ഗുരുതരമായ അഴിമതി ആരോപണത്തിന്റെ അടിസ്ഥാനത്തിൽ എത്ര പഞ്ചായത്ത് കമ്മിറ്റികളുടെയും, എക്സിക്യൂട്ടീവ് ആഫീസർമാരുടെയും പേരിൽ വിജിലൻസ് ഡിപ്പാർട്ടുമെന്റ് അന്വേഷണം നടത്തുന്നു എന്ന് വ്യക്തമാക്കാമോ?

ഉത്തരം

പഞ്ചായത്ത് കമ്മിറ്റി—രണ്ട്. എക്സിക്യൂട്ടീവ് ആഫീസർമാർ—ഏഴ്

പുതിയതായി രൂപീകരിക്കപ്പെട്ട പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും.

567 [822] ശ്രീ. വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും ഉണ്ട്;

LIBRARY ARCHIVES Kerala Legislative Assembly